## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3983

19.03.2018-ൽ മറുപടിയ്ക്ക്

## റവന്യൂ ഓഫീസുകളിൽ കൈക്കൂലിയും അഴിമതിയും തടയുന്നതിന് നടപടികൾ

ചോദ്യം:

ശ്രീ.കെ. ബാബു

മറുപടി:

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റവന്യൂ ഓഫീസുകളിൽ കൈക്കൂലിയും അഴിമതിയും നടക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൈക്കൂലി കേസിൽ എത്ര റവന്യൂ വകുപ്പ് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 15 റവന്യൂ ജീവനക്കാർക്കെതിരെ കൈക്കൂലി കേസിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | നടപടി സ്വീകരിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1 |
| കോട്ടയം | 0 |
| ഇടുക്കി | 0 |
| എറണാകുളം | 4 |
| തൃശ്ശൂർ | 0 |
| പാലക്കാട് | 2 |
| മലപ്പുറം | 2 |
| വയനാട് | 1 |
| കോഴിക്കോട് | 2 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 2 |
| ആകെ | 15 |

(സി) റവന്യൂ വകപ്പിൽ അഴിമതിയും കൈക്കൂലിയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കമോ?

(സി) റവന്യൂ വകപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ കളക്ടേറ്റിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗവും താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ച വരുന്നു. അഴിമതി രഹിത ഭരണ നിർവ്വഹണത്തിനു വേണ്ടി കളക്ടേറ്റ്,താലൂക്ക്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ , മേൽ വിലാസം എന്നിവയും വിജിലൻസ് ആന്റ് ആന്റീ കറപ് ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ റവന്യൂ വകപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യങ്ങളിൽ കൃത്യമായ മേൽനോട്ട ചുമതല നിർവഹിക്കുന്നു. സബ് ഓഫീസുകളിലെ വാർഷിക പരിശോധന ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് ശക്തമാക്കിയിട്ടുണ്ട്. ജില്ലാ തല അഴിമതി നിവാരണ സമിതി എല്ലാ മാസവും ഒന്നാമത്തെ പ്രവൃത്തി ദിനങ്ങളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിൽ സർക്കാർ ജീവനക്കാരുടെ അഴിമതി സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി വിജിലൻസ് ഡി.വൈ.എസ്.പി കൺവീനറും ജില്ലാ കളക്ടർ ചെയർമാനുമായി ജില്ലാ വിജിലൻസ് കമ്മിറ്റി പ്രവൃത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ